കെ.സി ജലീൽ പുളിക്കൽ

# അക്രമം തടയേണ്ടതെങ്ങനെ?

عَنْ أَنَسٍ ـ رضى الله عنه ـ قَالَ قَالَ رَسُولُ اللَّهِ صلى الله عليه وسلم : أُنْصُرْ أَخَاكَ ظَالِمًا أَوْ مَظْلُومًا فقَالَ رَجُلٌ : يَا رَسُولَ اللَّهِ أَنْصُرُهُ مَظْلُومًا، فَكَيْفَ أَنْصُرُهُ ظَالِمًا؟ قَالَ : تَمْنَعُهُ مِنَ الظُّلْمِ، فَذَلِكَ نَصْرُكَ إِيَّاهُ (بخارى ، مسلم)

**നബി(സ) പറഞ്ഞു: 'നിന്റെ സഹോദരനെ സഹായിക്കുക, അവൻ മർദകനായാലും മർദിതനായാലും ശരി.' അപ്പോൾ ഒരാൾ ചോദിച്ചു: 'ദൈവദൂതരേ, അവൻ മർദിതനായിരിക്കുമ്പോൾ എനിക്കവനെ സഹായിക്കാം; അവൻ മർദകനാകുമ്പോൾ എനിക്കെങ്ങനെയാണ് അവനെ സഹായിക്കാനാവുക?' നബി(സ) പറഞ്ഞു: 'അക്രമം ചെയ്യുന്നതിൽനിന്ന് നീ അവനെ തടയുക: അതാണ് നീ അവന് ചെയ്യുന്ന സഹായം' (ബുഖാരി, മുസ്‌ലിം).**

'അക്രമികൾക്ക് കടുത്ത ശിക്ഷ നൽകണം' എന്നാണ് വലിയ മനുഷ്യസ്‌നേഹികൾ വരെ പറയാറുള്ളത്. അക്രമത്തെ തൽക്കാലം അടക്കി നിർത്താൻ ഇത്തരം ശിക്ഷാനടപടികൾ ഉപകരിക്കുമെങ്കിലും, അക്രമത്തിന്റെ അടിവേരറുക്കാൻ ഇതൊന്നും പര്യാപ്തമല്ല.

മനസ്സിൽ അക്രമവാസനയുള്ളിടത്തോളം അത് നീറിപ്പുകഞ്ഞുകൊണ്ടിരിക്കും. സന്ദർഭം ഒത്തുവന്നാൽ ആളിക്കത്തും. അതിനാൽ അക്രമവാസന മനസ്സിൽനിന്ന് പിഴുതുമാറ്റി, സ്‌നേഹം നട്ടുവളർത്തേണ്ടതുണ്ട്. സ്‌നേഹവും സാഹോദര്യവും ഗുണകാംക്ഷയുമൊക്കെ ഉണ്ടെങ്കിലേ ഇതു സാധ്യമാകൂ. 'നിന്റെ സഹോദരനെ നീ സഹായിക്കുക' എന്ന തുടക്കം തന്നെ അതാണ് സൂചിപ്പിക്കുന്നത്. അക്രമിയെ അക്രമത്തിൽനിന്ന് പിന്തിരിപ്പിക്കുന്നത് അക്രമിയെ സഹായിക്കലായാണ് പ്രവാചകൻ വിശദീകരിച്ചിരിക്കുന്നത്. 'മനസ്സു നന്നായാൽ മറ്റുള്ളതെല്ലാം നന്നാകും' എന്ന അടിസ്ഥാനത്തിൽ അക്രമവാസനയിൽനിന്ന് മനുഷ്യമനസ്സുകളെ മോചിപ്പിച്ചെടുക്കാനാവണം ആദ്യത്തെ ശ്രമം.

ഈ വിഷയം പ്രതിപാദിക്കുന്ന നിരവധി നബിവചനങ്ങളുണ്ട്. പ്രവാചകൻ താക്കീത് നൽകുന്നു; 'അക്രമത്തെ സൂക്ഷിക്കുക, അക്രമം അന്ത്യനാളിലെ കൂരിരുളുകളിൽ കനത്ത കൂരിരുൾ തന്നെയാണ്.' എത്ര വലിയ മതഭക്തനാണെങ്കിലും, വാക്കിലൂടെയോ പ്രവൃത്തിയിലൂടെയോ മറ്റുള്ളവരെ ദ്രോഹിച്ചാൽ തന്റെ സൽപ്രവർത്തനങ്ങൾ ഉപദ്രവിക്കപ്പെട്ടവർക്ക് കൊടുത്ത്, ഭക്തൻ നരകത്തിൽ പ്രവേശിക്കേണ്ടിവരുന്ന ഗതിയാണ് അന്ത്യനാളിലുണ്ടാവുകയെന്നും പ്രവാചകൻ വ്യക്തമാക്കിയിട്ടുണ്ട്.

യമനിലെ ഭരണച്ചുമതല ഏൽപിച്ചുകൊണ്ട് നബി(സ) മുആദിനോട് പറഞ്ഞു; 'മർദിതന്റെ പ്രാർഥന സൂക്ഷിക്കുക, കാരണം അതിനും അല്ലാഹുവിനുമിടയിൽ മറയില്ല.' മർദിതൻ ഏതു വംശജനാണെങ്കിലും എത്ര വലിയ കുറ്റവാളിയാണെങ്കിലും അവന്റെ പ്രാർഥന സ്വീകരിക്കപ്പെടുമെന്നും പ്രവാചകൻ ഉണർത്തുന്നു. ഒരു നബിവചനമിതാ: 'മർദിതന്റെ പ്രാർഥനക്ക് ഉത്തരം ലഭിക്കുന്നതാണ്. അവൻ അധർമകാരിയാണെങ്കിലും. അവന്റെ അധർമത്തിന് ശിക്ഷ വേറെ ലഭിച്ചുകൊള്ളും' (അഹ്മദ്)

ചുരുക്കത്തിൽ, ചെറിയ അക്രമം പോലും എന്നിൽനിന്നുണ്ടാകരുതെന്ന പ്രാർഥനാനിർഭരമായ മനസ്സായിരിക്കും എല്ലായ്‌പ്പോഴും സത്യവിശ്വാസിക്ക്. സൈന്യവുമായി നീങ്ങുന്ന സുലൈമാൻ നബി(അ) ഉറുമ്പിൻകൂട്ടത്തിന് ഉപദ്രവമാകുമെന്നു കരുതി വളരെ സൂക്ഷിച്ചു നീങ്ങുന്ന ഒരു ചിത്രം ഖുർആൻ വരച്ചുവെക്കുന്നുണ്ട്. മനുഷ്യരുടെ കാര്യം പിന്നെ പറയാനുണ്ടോ! അഭിമാനത്തിന് ക്ഷതമേൽപിക്കരുത്. ഒരു തുള്ളി രക്തംപോലും ചിന്താൻ ഇടവരരുത്. അതൊക്കെയും ഗുരുതരമായ പാതകമാണ്. പിന്നെയല്ലേ കൊലപാതകം! പ്രതിക്രിയയല്ലാത്ത (ഭരണകൂടം സ്വീകരിക്കുന്ന ശിക്ഷാനടപടി) ഏതൊരു കൊലപാതകത്തെയും മനുഷ്യരെ ഒന്നടങ്കം കൊന്നതിന് സമാനമായാണ് ഖുർആൻ വിശേഷിപ്പിക്കുന്നത് (*അൽമാഇദ*: 32).

മൂസാ നബിയുടെയും മുഹമ്മദ് നബിയുടെയും മറ്റെല്ലാ പ്രവാചകന്മാരുടെയും മാതൃകയും ഇതുതന്നെയാണ്. ശത്രുപക്ഷത്ത് നിന്ന് ഗുരുതരമായ അതിക്രമങ്ങൾ ഉണ്ടായിട്ടും ക്ഷമിക്കുകയല്ലാതെ ഒരു തുള്ളി രക്തം ചിന്താൻ അവരാരും മുതിർന്നില്ല.

പ്രതിരോധത്തിന്റെയും സമുദായ സുരക്ഷയുടെയുമൊക്കെ പേര് പറഞ്ഞ് ഇസ്‌ലാം അക്രമത്തിന്റെ മാർഗമാണെന്ന് വരുത്തിത്തീർക്കുന്നവർക്കും ഇസ്‌ലാമിനെ ഭീകരതയായി അവതരിപ്പിക്കുന്നവർക്കും ശക്തമായ മറുപടിയാണ് ഈ നബിവചനം.

അക്രമവും അനീതിയും നിറഞ്ഞ ഇരുണ്ട യുഗത്തിലേക്ക് സമാധാന സന്ദേശവും സത്യപ്രഭയുമായെത്തി ലോകത്തിന്റെ ഗതി മാറ്റിയെടുത്ത് ശാന്തിയിലേക്കും സമാധാനത്തിലേക്കും നയിച്ച പ്രവാചക ദൗത്യം തന്നെയാണ് അഭിനവ ഇരുണ്ടയുഗത്തിൽ പ്രവാചകന്റെ ഇന്നത്തെ അനുയായികൾക്കും നിർവഹിക്കാനുള്ളത്. ●